നം. എ-826/2020

താലൂക്ക് ആശുപത്രി,
തിരുവല്ല, പിൻ - 689101
Mail ID: thqhtvl@gmail.com
Phone: 0469 2602494
തീയതി: 06/05/2020.

# ടെണ്ടർ പരസ്യം

വിഷയം:- താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി തിരുവല്ല - കെ.എ.എസ്.പി, ആർ.ബി.എസ്.കെ, ജെ.എസ്.എസ്.കെ, എ.കെ എന്നീ പദ്ധതികൾ പ്രകാരം 2020-21 വർഷത്തേക്ക്, മരുന്നുകൾ, ഉപകരണങ്ങൾ, ലാബ് പരിശോധനകൾ, സ്കാനിംഗ്, മറ്റു പ്രത്യേക പരിശോധനകൾ എന്നിവ ചെയ്യുന്നതിനും സൂച്ചർ മെറ്റീരിയൽ, ഓർത്തോ ഇംപ്ലാന്റ് സപ്ലൈ ചെയ്യുന്നതിനും ബന്ധപ്പെട്ട സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവരിൽ നിന്ന് ടെണ്ടർ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന:- പി.ആർ.ഒയുടെ 30/04/2020ലെ അപേക്ഷ.

തിരുവല്ല താലൂക്ക് ആശുപത്രിയിൽ 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് കെ.എ.എസ്.പി, ആർ.ബി.എസ്.കെ, ജെ.എസ്.എസ്.കെ, എ.കെ എന്നീ പദ്ധതികൾ പ്രകാരം ഈ ആശുപത്രിയിൽ നിന്നും ലഭ്യമല്ലാത്ത മരുന്നുകൾ, ലാബ് പരിശോധനകൾ, സ്കാനിംഗ്, മറ്റു പ്രത്യേകപരിശോധനകൾ എന്നിവ ചെയ്യുന്നതിനും സൂച്ചർ മെറ്റീരിയൽ, ഓർത്തോ ഇംപ്ലാന്റ് സപ്ലൈ ചെയ്യുന്നതിനും ബന്ധപ്പെട്ട സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവരിൽ നിന്നും മുദ്രവച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

ടെണ്ടർ ഫോമുകൾ 07/05/2020 മുതൽ 06/06/2020 വരെ പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ടെണ്ടർ ഫോമിന്റെ വിലയായ 700/- രൂപയുടെ ചെല്ലാൻ 0210-01-020-96 എന്ന ശീർഷകത്തിലും ടെണ്ടർ വിലയുടെ 6% സി.ജി.എസ്.റ്റി 8658-00-102-96-038 എന്ന ശീർഷകത്തിലും 6% എസ്.ജി.എസ്.റ്റി 006-00-101-01 എന്ന ശീർഷകത്തിലും ട്രഷറിയിൽ ഒടുക്കിയതിന്റെ അസൽ ചെല്ലാൻ, നിരതദ്രവ്യമായി തിരുവല്ല താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ എടുത്ത 5000/- രൂപയുടെ ഡി.ഡി എന്നിവ സഹിതം വേണം ടെണ്ടർ ഫോമിന് അപേക്ഷിക്കുവാൻ. പൂരിപ്പിച്ച ടെണ്ടർ ഫോമുകൾ മുദ്രവച്ച കവറിൽ 08/06/2020 ഉച്ചയ്ക്ക് 12 മണിവരെ സ്വീകരിക്കുന്നതാണ്.

നിശ്ചിത തീയതിക്കകം ലഭിച്ച ടെണ്ടറുകൾ 08/06/2020 പകൽ 2 മണിക്ക് തുറക്കുന്നതാണ്. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതാണ്. ടെണ്ടറും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ലിസ്റ്റ് പ്രകാരമുള്ള പരിശോധനകളുടെ പേരും അവയുടെ നിരക്കും പ്രത്യേകം കാണിച്ചിരിക്കണം.

ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

സൂപ്രണ്ട്.

പകർപ്പ്:

1. നോട്ടീസ് ബോർഡ്.
2. മുൻസിപ്പൽ ഓഫീസ്, തിരുവല്ല
3. താലൂക്ക് ഓഫീസ്
4. ആർ.ഡി.ഒ. ഓഫീസ്, തിരുവല്ല.
5. ജില്ലാ ഇൻഫർമേഷൻ ഓഫീസർ (പി.ആർ.ഡി)
6. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പത്തനംതിട്ട
7. നഗരസഭാ പരിധിയിലെ എല്ലാ ലാബുകൾക്കും, സ്കാനിംഗ് സെന്ററുകൾക്കും